Document 2025/77676/1 - Circular - File No. 2025/16309/1
Approved by Regr on 2025-08-02 10:42:31
Digitally approved document; signature not required.
http://www.kuhs.ac.in
MRWgK-KAE-QYRV-ClcI
KUHS,Thrissur

# കേരള ആരോഗ്യശാസ്ത്ര സർവകലാശാല

## വിദ്യാർത്ഥികാര്യ ഡീനിൻ്റെ കാര്യാലയം

നമ്പർ : 16309/2025/ ബി1/വി കാ ഡീ/കേ ആ സ

തീയതി: 02-08-2025

### പരിപത്രം

വിഷയം : കേ ആ സ - വി കാ ഡീ - അഫിലിയേറ്റഡ് കോളേജുകളിലെ കായികാധ്യാപകരെ ഫാക്കൽറ്റി എൻറോൾമെൻറ് പ്രോഗ്രാമിൽ ഉൾപെടുത്തുന്നത് സംബന്ധിച്ച് :-

കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട എല്ലാ കോളേജുകളിലേയും അധ്യാപകരുടെ സമഗ്രമായ ഒരു ഡാറ്റാബേസ് സമാഹരിക്കുക എന്നതാണ് ഫാക്കൽറ്റി എൻറോൾമെൻറ് പ്രോഗ്രാം (എഫ് .ഇ .പി) ഉദ്ദേശിക്കുന്നത്.അഫിലിയേറ്റഡ് കോളേജുകളിലെ കായികാധ്യാപകർ ഒഴികെയുള്ള എല്ലാ അധ്യാപകരെയും എഫ് .ഇ .പി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോഗ്രാമിൽ എല്ലാ കായികാധ്യാപകരെയും ഉൾപെടുത്താൻ ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ട് .

പ്രസ്തുത സാഹചര്യത്തിൽ, അഫിലിയേറ്റഡ് കോളേജുകളിൽ നിയമിതരായിട്ടുള്ള കായികാധ്യാപകരെ എഫ് .ഇ .പി സംവിധാനത്തിൽ ചേർക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കോളേജ് പ്രിൻസിപ്പാൾമാർ എത്രയും വേഗം ആരംഭിക്കേണ്ടതാണ്. മറ്റ് എഫ് .ഇ .പി രജിസ്ട്രേഷനുകളിൽ നിന്നും വ്യത്യസ്തമായി കായികാധ്യാപകരുടെ രജിസ്ട്രേഷൻ ഓരോ വർഷവും പുതുക്കേണ്ട ചുമതല കൂടി പ്രിൻസിപ്പാൾമാർക്ക് ഉള്ളതായി ഇതോടൊപ്പം അറിയിക്കുന്നു .

എഫ് .ഇ .പി രജിസ്ട്രേഷൻ ചെയ്യുന്ന നടപടിക്രമം ആരംഭിക്കേണ്ടത് താഴെപറയുന്ന പ്രകാരമാണ്.

സർവകലാശാലയുടെ ഒഫീഷ്യൽ വെബ്സൈറ്റ് ആയ **www.kuhs.ac.in** ഇൽ പ്രവേശിക്കുക .രജിസ്ട്രേഷൻറെ നടപടിക്രമങ്ങൾ താഴെപറയുന്ന ക്രമത്തിൽ ചെയ്തു തുടങ്ങുക.

ഫാക്കൽറ്റി കോർണർ **->**കെ യു എച്ച് എസ് എഫ് .ഇ .പി പോർട്ടൽ **->**രജിസ്ട്രേഷൻ.

രജിസ്ട്രേഷൻ പേജിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പൂർണമായും വായിച്ച ശേഷം രജിസ്ട്രേഷൻ ആരംഭിക്കുക.

രജിസ്ട്രാർ

അഫിലിയേറ്റ് ചെയ്യപ്പെട്ട എല്ലാ കോളേജുകളിലേക്കും

Phone : 0487-2207664, 2207642 Fax : 0487 – 2207616, 2207620 e-mail: keralahealthuniversity@gmail.com